## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1843</u> — 14.08.2017 ൽ മറുപടിക്ക്

<u>കോന്നി സി.എച്ച്.സി., താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള അപേക്ഷ</u>

| ചോദ്യം<br><br>ശ്രീ.അടൂർ പ്രകാശ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോന്നി ബ്ലോക്ക് പഞ്ചായത്ത് മുഖാന്തരം കോന്നി സി.എച്ച്.സി., കോന്നി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) & (ബി) & (സി) | പ്രസ്തുത അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ 25.03.2013-ലെ സ.ഉ.(എം.എസ്) 103/2013/ആകുവ, പ്രകാരം കോന്നി സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് ഏതു സി.എച്ച്.സി.യെയാണ് താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് അപേക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഏതു സി.എച്ച്.സി.യെയാണ് താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന കാര്യം നാളിതുവരെ സ്ഥിരീകരിച്ചിട്ടില്ലെങ്കിൽ ആയത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | തണ്ണിത്തോട് സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി കൈക്കൊള്ളുവാൻ ബ്ലോക്ക് പഞ്ചായത്ത് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ഇല്ല. നിലവിൽ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോവിഭാഗം സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ആശുപത്രിയുടെ വിഷയം മാത്രമേ ഇപ്പോൾ സർക്കാർ പരിഗണിക്കുന്നുള്ളൂ. ഇതിൽ ടി ആശുപത്രി ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ